# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 572 | 08.07.2014-ൽ മറുപടിക്ക്.

### പോലീസ് സേനയുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു.റ്റി.തോമസ്<br>ശ്രീ. സി.കെ.നാണു | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സേനയുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; | : (എ) MoPF Scheme, Plan scheme, 13[th] FCA തുടങ്ങിയ പദ്ധതികളിലൂടെയുള്ള നവീകരണമാണ് പോലീസ് സേനയിൽ നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളിലൂടെ അടിസ്ഥാന/താമസ സൗകര്യങ്ങൾ ഏർപ്പെടുത്തിയും, വാഹനങ്ങൾ, ആയുധങ്ങൾ, സെക്യൂരിറ്റി ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവ കൂടുതലായി ലഭ്യമാക്കിയും, പോലീസ് സേനയെ നവീകരിച്ചു വരികയാണ്. |
| (ബി) പോലീസ് സ്റ്റേഷനുകളുടെയും ക്വാർട്ടേഴ്സുകളുടെയും സൗകര്യം മെച്ചപ്പെടുത്തുവാനും പോലീസുകാരുടെ യൂണിഫോറം മെച്ചപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ? | : (ബി) പോലീസ് സ്റ്റേഷനുകളുടെയും, ക്വാർട്ടേഴ്സുകളുടെയും സൗകര്യം മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. പോലീസുകാരുടെ യൂണിഫോം മെച്ചപ്പെടുത്തുന്നതിനെപ്പറ്റി പരിശോധിച്ചു വരുകയാണ്.<br>പോലീസ് സ്റ്റേഷനുകളുടെയും, ക്വാർട്ടേഴ്സുകളുടെയും സൗകര്യം മെച്ചപ്പെടുത്തുവാൻ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പുതിയ ക്വാർട്ടേഴ്സുകൾ, പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ, വിസിറ്റേഴ്സ് റൂം, ഹെൽപ്പ് ഡെസ്ക്കുകൾ, റസ്റ്റ് റൂം, വനിതാ വിശ്രമ മുറികൾ, ചുറ്റുമതിൽ എന്നിവ പോലീസ് സ്റ്റേഷനുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നിർമ്മിച്ച് നൽകുന്നുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനുകളുടെയും, ക്വാർട്ടേഴ്സുകളുടെയും അറ്റകുറ്റപണികൾ നടത്തുകയും, വാട്ടർ സപ്ളൈ, ഡ്രെയിനേജ് എന്നിവയുടെ തകരാറുകൾ അപ്പപ്പോൾതന്നെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ